LIBRARY ARCHIVES Kerala Legislative Assembly

(സി) G.O.(P)No.24/2010/ITD തീയതി 4-8-2010 പ്രകാരം ഓൺലൈൻവഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ് ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻവഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും എസ്.വി.ഒ.-മാർക്കും തഹസിൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻവഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾവഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണവിവരവും സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുംവേണ്ട പരിശീലനങ്ങളും അനുബന്ധ സാങ്കേതിക വിവരങ്ങളും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ പൗരാവകാശരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നതും സർക്കാരിന്റെ സേവനാവകാശ നിയമം അനുശാസിക്കുന്നതുമായ സമയപരിധി പാലിച്ചാണ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. എല്ലാ ജില്ലാ അക്ഷയ കോ-ഓർഡിനേറ്റർമാർക്കും അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും സാങ്കേതികമായ സഹായം ലഭ്യമാക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാ കളക്ടർമാർക്ക് ശിപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ- ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുള്ളതാണ്. ഓൺലൈൻ പേയ്മെന്റ് സംവിധാനംകൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നുതന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നു കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന 7-2-2016 വരെ 1,84,38,683 അപേക്ഷകൾ പരിശോധിച്ച് ഓൺലൈനായി സ്വീകരിച്ച് നടപടിയെടുത്തിട്ടുണ്ട്.

സീറോ ലാന്റ് പദ്ധതി

108(1174) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പ് നടപ്പിലാക്കിയ സീറോ ലാൻഡ് പദ്ധതി പ്രകാരം എത്ര പേർക്കാണ് ഭൂമി ലഭ്യമാക്കിയത്; അതിൽ വീട് നിർമ്മിച്ച് താമസം ഉടങ്ങിയവർ എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

റവന്യൂ വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 43,437 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ കിട്ടിയ ഭൂമിയിൽ ധാരാളം കേസ്സുകളിൽ വീട് നിർമ്മാണം നടന്നുവരുന്നതായും, വീട് നിർമ്മാണം പൂർത്തിയായ ഗുണഭോക്താക്കൾ താമസം തുടങ്ങിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഭൂമി കയ്യേറ്റം

109(1175) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലയോലപ്പറമ്പ് ജംഗ്ഷനു സമീപം കുന്തറപ്പുഴയോടനുബന്ധിച്ച് ഭൂമി കയ്യേറാൻ ശ്രമിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്ത് എത്ര അളവിൽ പുറമ്പോക്ക് ഭൂമി ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശത്ത് ഭൂമി കയ്യേറാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട സംഭവത്തിൽ വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് 19.83.219 ഏക്കർ പുറമ്പോക്ക് ഭൂമിയുണ്ട്.

(സി) പരാതിയിൻമേൽ വടയാർ വില്ലേജ് ഓഫീസർ മുഖാന്തരം അന്വേഷണം നടത്തിയതിൽ തോട് പുറമ്പോക്ക് കയ്യേറ്റം കണ്ടെത്തിയിട്ടില്ലാത്തതും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് സർവ്വേ 225/1-ൽപ്പെട്ട വസ്തുവിൽ കെട്ടിടം നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുവാൻ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly